**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6696** **11-11-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിലെ എംപാനൽ ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2006 മുതൽ 2018 ഡിസംബർ വരെ ജോലി ചെയ്യുകയും ബഹു.ഹൈക്കോടതി വിധി പ്രകാരം പിരിച്ച് വിടുകയും 2019 ൽ പുന:നിയമനം ലഭിക്കുകയും ചെയ്ത കെ.എസ്.ആർ.ടി.സി.യിലെ എംപാനൽ ജീവനക്കാർ ഡ്യൂട്ടിയിൽ നിന്ന് മാറ്റി നിർത്തപ്പെട്ടതിനാൽ പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി.യിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച് 10 വർഷം പൂർത്തിയാക്കിയ എംപാനൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ദിവസവേതന അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചിരുന്നവരെ സ്ഥിരപ്പെടുത്തണമെന്ന വിവിധ അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. എന്നാൽ ഇവരെ സേവനത്തിൽ നിന്നും മാറ്റി നിർത്തുന്നതിന് ബഹു. സുപ്രീം കോടതി/ ഹൈക്കോടതി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സിയിൽ ഇത്തരം സ്ഥിരപ്പെടുത്തൽ നടപടികൾ നിലവിൽ സാധ്യമല്ല. കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് രൂപീകരിക്കുന്നതിനായി 19.02.2021 -ൽ പുറപ്പെടുവിച്ച GO(Ms) No 7/2021/ Trans നമ്പർ ഉത്തരവ് പ്രകാരം കെ എസ് ആർ ടി സി യിൽ നിന്നും പിരിച്ചുവിടപ്പെട്ട എംപാനൽ ജീവനക്കാരെ കെ എസ് ആർ ടി സി സ്വിഫ്റ്റിൽ പുനരധിവസിപ്പിക്കും എന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ കെ എസ് ആർ ടി സി സ്വിഫ്റ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് നാല് കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിൽ വന്ന സാഹചര്യത്തിൽ ജീവനക്കാരെ പുനരധിവസിക്കുന്ന കാര്യം ബഹുമാനപ്പെട്ട കോടതിയുടെ അന്തിമവിധി അനുസരിച്ചായിരിക്കും. |
| (സി) | പ്രസ്തുത ജീവനക്കാരെ സ്വിഫ്റ്റ് കമ്പനി രൂപീകരിച്ച് അതിൽ സംരക്ഷിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | ദിവസവേതന അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചിരുന്നവരെ സ്ഥിരപ്പെടുത്തണമെന്ന വിവിധ അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. എന്നാൽ ഇവരെ സേവനത്തിൽ നിന്നും മാറ്റി നിർത്തുന്നതിന് ബഹു. സുപ്രീം കോടതി/ ഹൈക്കോടതി ഉത്തരവുകൾ |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സിയിൽ ഇത്തരം സ്ഥിരപ്പെടുത്തൽ നടപടികൾ നിലവിൽ സാധ്യമല്ല. കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് രൂപീകരിക്കുന്നതിനായി 19.02.2021 -ൽ പുറപ്പെടുവിച്ച GO(Ms) No 7/2021/ Trans നമ്പർ ഉത്തരവ് പ്രകാരം കെ എസ് ആർ ടി സി യിൽ നിന്നും പിരിച്ചുവിടപ്പെട്ട എംപാനൽ ജീവനക്കാരെ കെ എസ് ആർ ടി സി സ്വിഫ്റ്റിൽ പുനരധിവസിപ്പിക്കും എന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ കെ എസ് ആർ ടി സി സ്വിഫ്റ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് നാല് കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിൽ വന്ന സാഹചര്യത്തിൽ ജീവനക്കാരെ പുനരധിവസിക്കുന്ന കാര്യം ബഹുമാനപ്പെട്ട കോടതിയുടെ അന്തിമവിധി അനുസരിച്ചായിരിക്കും. |

സെക്ഷൻ ഓഫീസർ